പട നയിച്ച
ഭഗീരഥന്മാർ 2



കടവിള ഷാജി

# ജനക്കൂട്ടം ഉമ്മൻ ചാണ്ടിയുടെ പുസ്തകം

'എന്റെ പുസ്തകം ജനക്കൂട്ടമാണ്. സാധാരണക്കാരുമായി ഇടപഴകുമ്പോഴാണ് പല പ്രശ്നങ്ങളുടെയും പൊരുളറിയുന്നത്. പുസ്തകം വായിച്ചാലൊന്നും അത്ര അറിവുണ്ടാകില്ല' ഉമ്മൻ ചാണ്ടി പറഞ്ഞു. പൊതുപ്രവർത്തകന്റെ ഏറ്റവും വലിയ സമ്പത്ത് ജനങ്ങളുടെ വിശ്വാസവും സ്നേഹവുമാണ്. ആ അർത്ഥത്തിൽ രാഷ്ട്രീയത്തിൽ ഏറ്റവും സമ്പന്നനായ നേതാവായിരുന്നു ഉമ്മൻ ചാണ്ടി. ജനങ്ങൾ കണ്ണീരു കൊണ്ട് എഴുതിയ പരാതികൾ അദ്ദേഹം ഹൃദയത്തിന്റെ ഫയലിൽ സൂക്ഷിച്ചു. അവ ഓരോന്നും പരിഹരിക്കാൻ ഊണും ഉറക്കവുമില്ലാതെ കർമ്മനിരതനാകുന്ന ഒരു ഭരണാധികാരി ഇനി ഉണ്ടാകുമോ?

തെരഞ്ഞെടുപ്പ് പ്രചാരണ വേളകളിൽ കുരുക്ഷേത്ര ഭൂമിയിലെ അർജ്ജുനനെപ്പോലെയായിരുന്നു ഉമ്മൻ ചാണ്ടി. ധീരനായ പടത്തലവൻ. തെരഞ്ഞെടുപ്പ് തന്ത്രങ്ങളുടെയും അടവുനയങ്ങളുടെയും ആചാര്യൻ. ഉമ്മൻ ചാണ്ടിയെക്കുറിച്ച് നാം ശരിക്കും അറിഞ്ഞത് അദ്ദേഹത്തിന്റെ കാലശേഷമാണ്. കേരള രാഷ്ട്രീയത്തിൽ ആർദ്രതയുടെ പര്യായമായിരുന്നു ഉമ്മൻ ചാണ്ടി. ജനങ്ങൾ കണ്ണീരു കൊണ്ട് എഴുതിയ പരാതികൾ അദ്ദേഹം ഹൃദയത്തിന്റെ ഫയലിൽ സൂക്ഷിച്ചു. അവ ഓരോന്നും പരിഹരിക്കാൻ ഊണും ഉറക്കവുമില്ലാതെ കർമ്മനിരതനായി. ആറു പതിറ്റാണ്ട് നീണ്ട ആ രാഷ്ട്രീയ ജീവിതം പല കാരണങ്ങളാൽ ഒറ്റപ്പെട്ടുപോയവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. ഒരു രാഷ്ട്രീയ നേതാവിനോ ഭരണാധികാരിക്കോ പാവങ്ങളെ കൈപിടിച്ചുയർത്താൻ എന്തു ചെയ്യാൻ കഴിയും എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ഉമ്മൻ ചാണ്ടി. അതിന് അധികാരമാന്നും അദ്ദേഹത്തിന് അത്യന്താപേക്ഷിതമായിരുന്നില്ല. യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരിക്കുമ്പോൾ തുടങ്ങിയതാണ് ആ ജനകീയ ഇടപെടൽ. അതിന് കക്ഷിരാഷ്ട്രീയമൊന്നും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. വേദനയനുഭവിക്കുന്നവൻ ആരാണെങ്കിലും അവന്റെ മുന്നിൽ ഉമ്മൻ ചാണ്ടിയുടെ ഹൃദയം ആർദ്രമാകും. ഒരു സാന്ത്വന സ്പർശം പോലെ സഹായമെത്തിക്കുകയും ചെയ്യും. മനുഷ്യത്വമാണ് മുഖ്യ രാഷ്ട്രീയ മൂല്യമെങ്കിൽ ഉമ്മൻ ചാണ്ടിയേക്കാൾ വലിയൊരു രാഷ്ട്രീയ നേതാവിനെ എവിടെയും കണ്ടെത്താനാവില്ല. ആ സ്നേഹ തണലിൽ അഭയം ലഭിച്ചവരാണ് അന്ത്യയാത്രയിൽ ജനപ്രവാഹമായി അദ്ദേഹത്തെ അനുഗമിച്ചത്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വേരുറപ്പിച്ച കേരളത്തിൽ അവരേക്കാൾ വിപ്ലവാശയങ്ങളുമായി രംഗത്തു വന്ന യൂത്ത് കോൺഗ്രസിന്റെ നേതാവായാണ് ഉമ്മൻ ചാണ്ടി. പൊതുപ്രവർത്തന രംഗത്തേക്ക് ഇറങ്ങിയത്. ഒരണ സമരമടക്കം ഒരു തലമുറയെ ഇളക്കിമറിച്ച ഒട്ടേറെ സമരങ്ങൾ ഉമ്മൻ ചാണ്ടി കെ.എസ്.യു പ്രസിഡന്റായിരുന്നപ്പോൾ നടന്നു. വിദ്യാർത്ഥി സമരകാലത്തെ ഒരുജ്ജ്വല അധ്യായമായിരുന്നു മുരളി സമരം. തേവര എസ്.എച്ച് കോളേജിലെ വിദ്യാർത്ഥികളെ പോലീസ് ക്രൂരമായി മർദ്ദിച്ചതാണ് സമരത്തിന് ഹേതുവായത്. ഓടയിൽ വീണ് കിടക്കുകയായിരുന്ന ടി.കെ. മുരളി എന്ന വിദ്യാർത്ഥിയെ പോലീസ് തല്ലിച്ചതച്ചു. പിറ്റേന്ന് ടി.കെ. മുരളി മരിച്ചു. അടുത്ത ദിവസം അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച് കെ.എസ്.യു പ്രക്ഷോഭം തുടങ്ങി. ‘ലാത്തി പുല്ലാങ്കുഴലല്ല‘ എന്ന് പ്രഖ്യാപിച്ച് സർക്കാർ ബലപ്രയോഗം തുടങ്ങിയപ്പോഴാണ് ‘കാറ്റ് വിതച്ച് കൊടുങ്കാറ്റ് കൊയ്യരുത്‘ എന്ന് ഓർമ്മിപ്പിച്ച് ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ ഉറച്ചുനിന്നു. ഒടുവിൽ ഫാക്റ്റ് ചെയർമാൻ എം.കെ.കെ നായരുടെ മധ്യസ്ഥതയിൽ സമരം ഒത്തുതീർപ്പായി. കളക്ടറേറ്റ് മാർച്ചോടെ സമരം അവസാനിപ്പിക്കാനായിരുന്നു ധാരണ. എന്നാൽ മാർച്ചിന് നേരെ ഭീകരമായ പോലീസ് ലാത്തിച്ചാർജ് ഉണ്ടായി. ഉമ്മൻ ചാണ്ടിയടക്കം ഒട്ടേറെ പേർക്ക് കഠിന മർദ്ദനമേറ്റു. നിർത്താൻ തീരുമാനിച്ച സമരം കൂടുതൽ രൂക്ഷമായി. ഒടുവിൽ സർക്കാർ അയഞ്ഞു. മുരളിയുടെ മരണത്തെയും ലാത്തിച്ചാർജിനെയും കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താം എന്ന ഉറപ്പിന്മേൽ സമരം പിൻവലിച്ചു. ആ പോരാട്ട വീര്യം ഉമ്മൻ ചാണ്ടിയെ യൂത്ത് കോൺഗ്രസ് പ്രസിഡന്റാക്കി. തുടർന്ന് കെ.എസ്.യുവും യൂത്ത് കോൺഗ്രസും കോൺഗ്രസിലെ തിരുത്തൽ ശക്തിയായി. ഇടതുപക്ഷത്തിന്റെ കാലിടറിയ കാലമായിരുന്നു അത്. കോൺഗ്രസിലെ ആ യുവനേതൃത്വം പാർട്ടിയുടെ നേതൃത്വത്തിലേക്ക് ഉയർന്നപ്പോഴാണ് എസ്.എഫ്ഐയും ഡി.വൈ.എഫ് ഐ യും തലപൊക്കിയത്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വേരുറപ്പിച്ച കേരളത്തിൽ അവരേക്കാൾ വിപ്ലവാശയങ്ങളുമായി രംഗത്തു വന്ന യൂത്ത് കോൺഗ്രസിന്റെ നേതാവായാണ് ഉമ്മൻ ചാണ്ടി. പൊതുപ്രവർത്തന രംഗത്തേക്ക് ഇറങ്ങിയത്. ഒരണ സമരമടക്കം ഒരു തലമുറയെ ഇളക്കിമറിച്ച ഒട്ടേറെ സമരങ്ങൾ ഉമ്മൻ ചാണ്ടി കെ.എസ്.യു പ്രസിഡന്റായിരുന്നപ്പോൾ നടന്നു. വിദ്യാർത്ഥി സമരകാലത്തെ ഒരുജ്ജ്വല അധ്യായമായിരുന്നു മുരളി സമരം.

ഇടതു പക്ഷത്തിന്റെ അടിത്തറ ഇളക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിൽ എക്കാലവും അഗ്രഗണ്യനായിരുന്നു ഉമ്മൻ ചാണ്ടി. 1977-ൽ 1.5 ലക്ഷം യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനം നൽകിയതും ചുമട്ടു തൊഴിലാളി ക്ഷേമ നിയമം കൊണ്ടുവന്നതും ഇടതുപക്ഷത്തിനേറ്റ ഇരുട്ടടികളായിരുന്നു. മാരക രോഗങ്ങൾ ബാധിച്ചവർക്കായി കാരുണ്യ ഫണ്ട് ഏർപ്പെടുത്തിയത് കെ.എം. മാണിയും ഉമ്മൻ ചാണ്ടിയും കൈകോർത്ത ചരിത്രമുഹൂർത്തമായി.

പുതുപ്പള്ളി മണ്ഡലത്തിൽ 12 പ്രാവശ്യം വിജയക്കൊടി പാറിച്ച് റെക്കോർഡ് സൃഷ്ടിച്ച നേതാവാണ് ഉമ്മൻ ചാണ്ടി. ഏറെ വിവാദം സൃഷ്ടിച്ച സോളാർ കേസിൽ ആരോപണങ്ങളെല്ലാം കള്ളമാണെന്ന് തെളിയിച്ച് അഗ്നിശുദ്ധി വരുത്തി. കണ്ണൂരിൽ രാഷ്ട്രീയ വൈരത്തിൽ പാഞ്ഞുവന്ന കല്ല് നെറ്റിയിൽ മുറിവേൽപ്പിച്ചപ്പോഴും അദ്ദേഹം പുഞ്ചിരിക്കുകയായണുണ്ടായത്. മരിക്കുന്നതിന് ഏട്ടു മാസം മുമ്പാണ് പുതുപ്പള്ളിയിൽ കുടുംബവീതമായി ലഭിച്ച ഭൂമിയിൽ വീടുപണി തുടങ്ങിയത്. ഒട്ടേറെ പേർക്ക് വീടുവയ്ക്കാൻ നേതൃത്വം നൽകിയെങ്കിലും സ്വന്തം വീട് പൂർത്തീകരിക്കാനായില്ല. ഈ വീടിന്റെ മുറ്റത്തുനിന്നുമായിരുന്നു. സ്വന്തം ഇടവകയിലേയ്ക്കുള്ള അദ്ദേഹത്തിന്റെ അന്ത്യയാത്ര.